# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2007 17.12.2012 -ൽ മറുപടിയ്ക്ക്

### വർഗ്ഗീയ സ്വഭാവമുള്ള കേസുകളും തീവ്രവാദ സ്വഭാവമുള്ള കേസുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. എ. ബേബി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വീതം വർഗ്ഗീയ സ്വഭാവമുള്ള കേസുകളും തീവ്രവാദ സ്വഭാവമുള്ള കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ; | (എ) ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള തീവ്രവാദ സ്വഭാവവും വർഗീയ സ്വഭാവവുമുള്ളതുമായ കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘർഷങ്ങളുണ്ടായെന്നും അവയിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ? | (ബി) ഈ കാലയളവിൽ സംസ്ഥാനത്ത് വർഗീയ സംഘർഷങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. എന്നാൽ വർഗീയ പശ്ചാത്തലമുള്ള 2 കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്. വിശാൽ കുമാർ (ആലപ്പുഴ), സച്ചിൻ ഗോപാൽ (കണ്ണൂർ) എന്നീ എ. ബി. വി. പി. പ്രവർത്തകർ ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകരുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി |

സെക്ഷൻ ഓഫീസർ

കസ്റ്റഡിയിൽ എടുത്തതിന്റെ പേരിൽ ടി ദിവസം 12.00 മണി സമയത്ത് ബഹുമാനപ്പെട്ട കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരൻ അവർകളുടെ നേതൃത്വത്തിൽ (1) പ്രമോദ്, (2) പി. കെ. രാഗേഷ്, (3) സജീവ് ജോസഫ്, (4) സുധീപ് ജയിംസ്, (5) ഷറഫുദ്ദീൻ, (6) സുരേഷ് ബാബു, എളയാവൂർ, (7) റിയാസ് അത്താഴക്കുന്ന്, (8) നൗഷാദ് തുടങ്ങി മറ്റ് കണ്ടാലറിയാവുന്ന 100 ഓളം പേർ ന്യായവിരോധമായി സംഘം ചേർന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് പൊതുനിരത്തിൽ കൂടി അതുവഴി പോകുന്ന വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മാർഗതടസ്സം സൃഷ്ടിച്ചു കൊണ്ട് വളപട്ടണം പോലീസ് സ്റ്റേഷനിലേക്ക് പ്രകടനമായി വരികയും സ്റ്റേഷൻ ഗേറ്റിൽ വെച്ച് പ്രകടനം കോമ്പൗണ്ടിലേക്ക് പ്രവേശിക്കുകയും അതുവഴി പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് മേൽപ്പറഞ്ഞ ആളുകളുടെ പേരിൽ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1318/12 u/s 143, 147, 283 r/w 149 IPC & Sec 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

| | |
|---|---|
| (ഡി) മണൽക്കളളക്കടത്ത് തടഞ്ഞ വളപട്ടണം പോലീസ് നടപടിക്ക് നേതൃത്വം നൽകിയ പോലീസ് ആഫീസർ ആരായിരുന്നു; പോലീസ് നടപടിക്കെതിരെ സ്ഥലം എം.പി. സ്വീകരിച്ച നിലപാട് എന്തായിരുന്നു; | (ഡി) വളപട്ടണം എസ്.ഐ. ശ്രീ. ബി.കെ. സിജു. വളപട്ടണം പോലീസിന്റെ നടപടി ശരിയായ രീതിയിലായിരുന്നില്ല എന്നാണ് ബഹുമാനപ്പെട്ട സ്ഥലം എം.പി. സ്വീകരിച്ച നിലപാട്. |
| (ഇ) പോലീസിനെ ഭീഷണിപ്പെടുത്തിയ യൂത്ത് കോൺഗ്രസ്സ് നേതാവിനെതിരെ പോലീസ് എടുത്തതുൾപ്പെടെയുളള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ? | (ഇ) യൂത്ത് കോൺഗ്രസ് നേതാവിനെതിരെ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1317/12 u/s 448, 294(b) IPC & Sec. 117 (e) of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ